# പള്ളികഥകൾ

## മിനികഥകൾ

## അന്ത്തിയൊന്ത്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ പെട്ടന്ന് കേരളത്തിലെ ഒരു പള്ളിയിൽ നടന്ന കഥയാണിപ്പോൾ പറയാൻ പോകുന്നത്. പഴയ കാലത്ത് അധികം വിദ്യാഭ്യാസമില്ലാത്ത പലരേയും അച്ചന്മാരാക്കിയിട്ടുണ്ട് സഭയിൽ. ചിലർ കുശിനി പണി ദീഘകാലം ഏതെങ്കിലും മെത്രാച്ചനു വേണ്ടി ചെയ്യ്തിട്ട് അവരുടെ അനുകമ്പ കൊണ്ട് അവരെ അച്ചന്മാരാക്കിയിട്ടുണ്ട്. അങ്ങിനെ അച്ചനായതാണ് നമ്മുടെ ഈ പള്ളിയിലെ വികാരി അവറാനച്ചനും.

## സ്പെയർ

ഏബ്രഹാം കണ്ടുതോണ്ടിൽ വളരെ മിടുക്കനായ ഒരു വിദ്യാത്ഥിയായിരുന്നു. പഠിത്വത്തിൽ അവനുള്ള ശുശ്ക്കാന്തി മൂലം സഹപാഠികൾ അവനെ അസൂയകൊണ്ട് അവറാൻ എന്ന് വിളിക്കാൻ തുടങ്ങി. ഹൈസ്ക്കൂൾ കഴിഞ്ഞപ്പോൾ കൂടുതൽ പഠിപ്പിക്കാൻ വീട്ടുകാക്ക് അന്ന് സാമ്പത്തിക പരിമിതി മൂലം വീട്ടിലെ കൃഷി പണിക്കാക്കി. എന്നാൽ ദൈവം അവനെ കൈവിട്ടില്ല; അവന്റെ പ്രാത്ഥനാ ജീവിതം മൂലം. അവന്റെ സൽസ്വഭാവവും കഠിനാദ്ധ്വാനവും മനസ്സിലാക്കി ഭദ്രാസന മെത്രാച്ചൻ അവനെ അരമനയിലേക്ക് കൂട്ടികൊണ്ടു പോന്നു. സാമ്പത്തികമായി വളരെ വിഷമിച്ചിരുന്ന വീട്ടുകാക്ക് അത് വളരെ ആശ്വാസമായിരുന്നു അന്ന്.

അവന്റെ യാമങ്ങൾ ഒന്നും തെറ്റിക്കാതെയുള്ള കണ്ണുനീരോടു കൂടിയ പ്രാത്ഥന മെത്രാച്ചന് കൂടുതൽ അവനെ സ്നേഹിക്കാനാക്കി. തന്മൂലം സമയം കിട്ടുമ്പോഴെല്ലാം അവനെ സുറിയാനിയും സഭയുടെ വേദശാസ്ത്രങ്ങളും പഠിപ്പിക്കാൻ തുടങ്ങി. അങ്ങിനെ ഒരു ദിവസം ചെമ്മാച്ചൻ ആക്കി. അവിടേയും അസൂയക്കാൻ അവനെ ചുമ്മാ അച്ചൻ, അവറാൻ ചുമ്മാ അച്ചൻ എന്ന് പരിഹസിച്ചു വിളിച്ചു.

അവനൊരിക്കലും പ്രതീക്ഷിച്ചില്ല ഒരു അച്ചനായി തീരുമെന്ന് എല്ലാം ആ മെത്രാച്ചന്റെ കാരുണ്യം മൂലം. അവന് മെത്രാച്ചനോട് വളരെ നന്ദിയും കടപ്പാടുമുണ്ടായി.

ഒരച്ചനേയും സ്വന്തം ഇടവകയിലെ വികാരിയായി കേരളത്തിൽ നിയമിക്കാറില്ല. അങ്ങിനെ അവറാനച്ചൻ പല ഇടവകകളിൽ സേവനം ചെയ്യശേഷമാണ് ഈ ഇടവകയിലേക്ക് എത്തിച്ചേന്നത്. അപ്പഴേക്കും കാലം വളരെ പിന്നിട്ടിരുന്നു. അദ്ദേഹം അവിടെ വന്ന ശേഷം ആദ്യമായി വന്ന മാതാവിന്റെ ജനനപെരുനാളാണ് വരാൻ പോകുന്നത്.

സാധാരണ ഓത്ത്ഡോക്സ് പള്ളികളിൽ പഴയ കാലത്ത് ഈ എട്ടുനോമ്പാചരണവും പെരുനാളുമില്ലായിരുന്നു. എന്നാൽ ചില സഹോദരീ സഭകളിൽ ഇതാചരിക്കുന്നതു കണ്ടപ്പോൾ ഓത്ത്ഡോക്സ് ദേവാലയങ്ങളിലെ ചിലടത്തെ സ്ത്രീകൾക്ക് ഭക്തി കൂടി കൂടി അവക്കും ആചരിക്കണമെന്നായി. അങ്ങിനെയായപ്പോൾ ചില ദേവാലയങ്ങളിൽ ആചരിക്കാൻ തുടങ്ങി. കാലക്രമേണ പല ഓത്ത്ഡോക്സ് ദേവാലയങ്ങളിലും ഇതാചരിക്കാൻ നിബന്ധിതരായി.

നമ്മുടെ അവറാനച്ചന് ഈ പെരുനാൾ സമാപ്തിയിൽ മൂന്നിന്മേൽ കുബ്ബാന നടത്തണമെന്നായി ആഗ്രഹം. പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള ദേവാലയമായപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായക്കാരോട് എല്ലാവരും യോജിച്ചു. അതും മൂന്ന് മെത്രാച്ചന്മാരുടെ സാനിദ്ധ്യത്തിൽ നടത്തണമെന്നായി. അച്ചൻ പല മെത്രാച്ചന്മാരേയും സമീപിച്ചു. ആ സമയത്ത് ഒരിടത്തെങ്കിലും ഒരു മെത്രാച്ചനേയെങ്കിലും കിട്ടാൻ പ്രയാസമായിരുന്നു. ചുരുങ്ങിയത് ഒരു വഷം മുമ്പെങ്കിലും മെത്രാച്ചന്മാരെ ഏപ്പാടാക്കിയില്ലങ്കിൽ കിട്ടത്തില്ല.

അവസാനം ഒരു മെത്രാച്ചനും രണ്ട് റമ്പാച്ചന്മാരെയെങ്കിലും കിട്ടിയാമതിയെന്നായി അച്ചൻ. അതിന് ഒരു മെത്രാച്ചനേ പോലും ആ സമയത്ത് അദ്ദേഹത്തിന് കിട്ടിയില്ല. എന്നാൽ പരിശുദ്ധ ബാവാതിരുമേനിയെ സമീപിച്ചാലോ എന്നായി അച്ചൻ. പരിശുദ്ധ ബാവാ തിരുമേനിയെ ക്ഷണിച്ചാൽ മറ്റുള്ള മെത്രാച്ചന്മാരെ വിളിക്കുന്നതു പോലെയല്ല. ധാരാളം പണച്ചിലവുള്ള കാര്യമാണ്. എന്തു വന്നാലും പരിശ്രമിക്കുകയെന്നായി അച്ചൻ.

പത്രങ്ങളിൽ പരസ്യമായി, വാത്തയായി. ആ നാടു മുഴുവൻ സംസാരമായി. പള്ളിയിലെ സാധാരണക്കാരായ ജനങ്ങൾ പോലും അച്ചന്റെ കഴിവിനെ പ്രകീത്തിച്ചു. ആ കരയിലെ നാനാജാതിമതസ്ഥരായ ജനങ്ങൾ ഒന്നു ചേന്ന് പ്രവത്തിച്ചു. അവക്ക് ബാവാ തിരുമേനിയെ കാണാനുള്ള അവസരമായി സന്തോഷിച്ചു. കൂടാതെ പരിശുദ്ധ ദൈവമാതാവിന്റെ അനുഗ്രഹവും കിട്ടുന്ന കാര്യമാണല്ലോ. നാട്ടിലെ പല വലിയ പണക്കാരും കച്ചവടക്കാരുമെല്ലാം ആരും ചോദിക്കുകയും പറയുകയും ഒന്നും ചെയ്യാതെകൈയ്യയച്ചു പെരുമാറി. എല്ലാവക്കും പരിശുദ്ധ ദൈവമാതാവിന്റെ അനുഗ്രഹം കിട്ടാനായി എന്തും ചെയ്യാൻ തയ്യാറായിരുന്നു. ഇതിനു മുമ്പും ഈ പെരുന്നാൾ ആ പള്ളിയിൽ ആഘോഷിച്ചപ്പോഴൊന്നും ഈ ജനങ്ങൾ ഇത്രയും സഹകരണം കാണിച്ചില്ല. ഇതിപ്പോൾ പരിശുദ്ധ ബാവാ തിരുമേനി ദേവലോകത്തു നിന്ന് എഴുന്നള്ളുകയാണ്. എന്തായാലും ആ ഇനത്തിൽ വന്ന ചെലവുകളെല്ലാം പെട്ടന്ന് കിട്ടി. അച്ചനും വളരെ സന്തോഷമായി.

അങ്ങിനെ ആ സുദിനം വന്നു. അതിരാവിലെ തന്നെ ആ ബാലവൃദ്ധം പള്ളിയങ്കണത്തിൽ മെഴുകുതിരിയും കത്തിച്ചു പിടിച്ച്. സ്ത്രീകളെല്ലാം വിലകൂടിയ പട്ടുസാരിയും അണിഞ്ഞ്; പുരുഷന്മാർ നിരവധി വളരെ വിലകൂടിയ വസ്ത്രങ്ങളണിഞ്ഞ്. എന്തായാലും ആ ഇനത്തിൽ തുണികച്ചവടക്കാക്ക് നല്ലൊരു തുക കിട്ടി. രണ്ടു മൂന്നു പേർ ആ ഭയങ്കര ചൂടിൽ പോലും സൂട്ടിട്ട് വന്നു. പൊങ്ങച്ചം കാണിക്കാൻ എല്ലാവരും അവരുടെ കാർ എടുത്താണ് വന്നത്. സാധാരണ അവരുടെ കാർ വീട്ടിൽ തന്നെ റോഡിൽ കൂടെ പോകുന്ന എല്ലാവരും കാണുന്നിടത്ത് ഇടാറാണ് പതിവ്. എവിടെ പോകണമെങ്കിലും ബസിൽ കയറിയോ അതല്ലങ്കിൽ ആട്ടോ റിക്ഷാ പിടിച്ചോ പോകാറാണ് പതിവ്.

ബാവാ തിരുമേനിവന്നപ്പോൾ അച്ചനോട് കൊടി മരത്തേൽ കെട്ടിയ കൊടി ചൂണ്ടി ചോദിച്ചു: ഇതെന്താ തലവെട്ടിയ കൊടി, രക്തസാക്ഷി കൊടി കെട്ടിയിരിക്കുന്നത്. ഇത് ദൈവമാതാവിന്റെ ജനനപെനാളല്ലേ? ഈ സമയത്ത് ആരെങ്കിലും ഈ കൊടി കെട്ടുമോ?

മൂന്നിന്മേൽ കുബ്ബാന ഭംഗിയായി കഴിഞ്ഞു. പള്ളിയും പരിസരവും നിറയെ ജനങ്ങളെ കൊണ്ടു നിറഞ്ഞു. അത്രയും ജനങ്ങളെ ആദ്യമായാണ് ആ പള്ളിയിൽ കാണുന്നത്. അടുത്തതായി നമ്മുടെ അച്ചന്റെ വക നന്ദി പ്രകടിപ്പിക്കലാണ്: ഈ ആരാധന ഇത്രയും ഭംഗിയായി നടത്താൻ അനുഗ്രഹിച്ച ദൈവത്തിന് നന്ദി. ഇന്നത്തെ ഈ പരിശുദ്ധ മൂന്നിന്മേൽ കുബ്ബാനയ്ക്ക് മൂന്ന് മ്ശനംശയുള്ളവരെ തേടി ഞാൻ പോകാത്ത സ്ഥലമില്ല. ഈ വന്ന രണ്ടു റമ്പാച്ചന്മാർ വരാമെന്ന് സമ്മതിച്ചു എങ്കിലും മൂന്നാമതൊരൊരാളെ സ്പെയറായിട്ടുള്ളതന്വേഷിച്ച് ആരേയും കിട്ടിയില്ല. അവസാനം സ്പെയറായി കിട്ടിയത് നമ്മുടെ ഈ പരിശുദ്ധ ബാവാ തിരുമേനിയെയാണ്. ''നിത്ത്ടോ'' ബാവാ തിരുമേനി ഭയങ്കരമായി ദേഷ്യപ്പെട്ടു. തനിക്ക് സ്പെയറായിട്ടാണോ എന്നെ കിട്ടിയത്!''